(എ) കൂടുതൽ മദ്യവിൽപ്പനക്കും അതിലൂടെ ലാഭം നേടാനും വകുപ്പ് മിട്ടുകൊണ്ടുള്ള പ്രവർത്തനം നടത്തുന്ന എക്സൈസ് വകുപ്പ് തന്നെ മദ്യത്തിനെതിരെ ബോധവൽക്കരണം നടത്തുന്നതിലെ അനൗചിത്യം കണക്കിലെടുത്ത് മദ്യത്തിന്റെ ദുരുപയോഗത്തിനെതിരെയുള്ള പ്രചരണ പരിപാടികൾ സാമൂഹ്യക്ഷേമ വകുപ്പിനേയോ ആരോഗ്യകുടുംബക്ഷേമ വകുപ്പിനേയോ ഏൽപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഇപ്പോൾ ഏതൊക്കെ ജില്ലാ ആശുപത്രികളിലാണ് ഡീ-അഡിക്ഷൻ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് ; വ്യക്തമാക്കുമോ ;

(സി) മദ്യാസക്തിമൂലം വീടും ബന്ധുക്കളും നഷ്ടപ്പെട്ടവരെ പാർപ്പിക്കുന്നതിന് കേരള ബിവറേജസ് കോർപ്പറേഷന്റെ കീഴിൽ അഗതി മന്ദിരങ്ങൾ തുടങ്ങാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മദ്യവിൽപ്പനയിലൂടെ ലാഭം നേടുക എന്നുള്ളതല്ല എക്സൈസ് വകുപ്പിന്റെ ലക്ഷ്യം. വ്യാജമദ്യത്തിന്റെ ഉല്പാദനവും വിതരണവും തടയുക, മദ്യത്തിന്റെ വിൽപ്പന അത്യാവശ്യ സാഹചര്യങ്ങളിൽ കർശന വ്യവസ്ഥകളിലൂടെ ലൈസൻസ് നൽകി ക്രമീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് എക്സൈസ് വകുപ്പ് പ്രവർത്തിച്ചുവരുന്നത്. ബോധവൽക്കരണ പ്രവർത്തനങ്ങളിൽ സാമൂഹ്യക്ഷേമ-ആരോഗ്യ വകുപ്പുകളുടെ സഹകരണവും തേടാവുന്നതാണ്.

(ബി) എക്സൈസ് വകുപ്പിന്റെ അധീനതയിൽ ഡീ-അഡിക്ഷൻ കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നില്ല.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

മദ്യകോള

100 (4156) ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീര്യം കുറഞ്ഞ മദ്യം 'മദ്യകോള' എന്ന പേരിൽ വിപണന നടത്തുന്നത് സംബന്ധിച്ച് എക്സൈസ് കമ്മീഷണറും കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറും സർക്കാരിലേക്ക് എന്തെങ്കിലും പ്രൊപ്പോസലുകൾ നൽകിയിരുന്നുവോ ;

(ബി) എങ്കിൽ ആ പ്രൊപ്പോസലുകളിന്മേൽ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചെന്ന വിവരം വിശദമാക്കുമോ ; ഇവരുടെ പ്രൊപ്പോസലുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്ത് ഘട്ടംഘട്ടമായി മദ്യനിരോധനം നടപ്പിലാക്കുവാൻ കഴിഞ്ഞ 4 വർഷക്കാലയളവിൽ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതുസംബന്ധിച്ച് ഏതൊക്കെ കമ്മീഷൻ റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട് ; ഈ കമ്മീഷൻ റിപ്പോർട്ടുകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി വിവരങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) വീര്യം കുറഞ്ഞ മദ്യം, 'മദ്യകോള' എന്ന പേരിൽ വിൽപ്പന നടത്തുന്നത് സംബന്ധിച്ച്, എക്സൈസ് കമ്മീഷണറോ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറോ സർക്കാരിലേക്ക് പ്രൊപ്പോസലുകൾ നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) മദ്യ നിരോധനമല്ല, മദ്യവർജ്ജനമാണ് സർക്കാർ നയം. ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യത്തിന്റെ ഉപഭോഗം ഓരോ വർഷവും കുറച്ചുകൊണ്ടുവരിക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇത്തരം ബോധവൽക്കരണത്തിനായി, സംവാദങ്ങൾ, പോസ്റ്റർ പ്രദർശനം, ഡീ-അഡിക്ഷൻ ക്യാമ്പ്, തെരുവു നാടകം, മാജിക് ഷോ, ഡോക്യൂഫിക്ഷൻ തുടങ്ങിയ പരിപാടികൾ നടപ്പിലാക്കിവരുന്നു.

(ഡി) സംസ്ഥാനത്ത് ഘട്ടംഘട്ടമായി മദ്യനിരോധനം നടപ്പിലാക്കുന്നത് സംബന്ധിച്ച് കമ്മീഷൻ റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല.

ബിവറേജസ് കോർപ്പറേഷന്റെ പ്രവർത്തനം വൈവിധ്യവൽക്കരിക്കുന്നതിന് പദ്ധതികൾ

101 (4157) ശ്രീ. സാജു പോൾ :
ശ്രീ. വി. ശശികുമാർ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിവറേജസ് കോർപ്പറേഷന്റെ പ്രവർത്തനം വൈവിധ്യവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസിന്റെ ഭൂമിയിൽ അത്യാധുനിക സൗകര്യങ്ങളുള്ള ആശുപത്രി നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) മദ്യലഹരി മോചന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly